

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം**-676505**

ഇ-മെയിൽ**: dompm.ksad@kerala.gov.in**
ഫോൺ **: 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എഎംപിഎം 4/128/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/02/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം **:** തിരുർ ബ്ലോക്ക് പഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. ജോയിന്റ് ഡയറക്ടർ, എൽ. എസ്.ജി.ഡി. മലപ്പുറം
3. കാര്യാലയപ്രതി

നമ്പർ: കെഎസ്എഎംപിഎം 4/128/26 തീയ്യതി: 11/02/2026

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 04-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാം മനോഹർ.വി.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	05-01-2026	14-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2026	14-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.സന്തോഷ്.പി.ടി ഓഡിറ്റ് ഓഫീസർ

2.ശ്രീ.ആലസ്സൻകുട്ടി.യു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.ഹസീന.സി.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. യു. സൈനുദ്ധീൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.സുസ്മിത.ബി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സന്ദീപ് പി. എസ്	അസി.എക്സി.എൻജിനിയർ	01-04-2024	26-04-2024
ശ്രീ. സന്തോഷ് കുമാർ. കെ.വി	അസി.എക്സി.എൻജിനിയർ	27-04-2024	22-07-2024
		03-09-2024	24-12-2024
ഒഴിവ്	അസി.എക്സി.എൻജിനിയർ	23-07-2024	26-07-2024
ശ്രീമതി. ജൂമൈലത്ത്. വി.വി	അസി.എക്സി.എൻജിനിയർ	27-07-2024	02-09-2024
		25-12-2024	31-03-2025
ശ്രീ. സന്ദീപ് പി. എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	07-10-2024
ശ്രീ.നന്ദ കുമാർ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	08-10-2024	31-03-2025
ശ്രീമതി. ആര്യാദേവി. ആർ	പട്ടികജാതി വികസന ഓഫീസർ	01-04-2024	05-02-2025
ഒഴിവ്	പട്ടികജാതി വികസന ഓഫീസർ	06-02-2025	11-02-2025
ശ്രീമതി.ദൃശ്യ.സി.പി	പട്ടികജാതി വികസന ഓഫീസർ	12-02-2025	31-03-2025
ശ്രീമതി. റംല ബീഗം എൻ	സി.ഡി.പി.ഒ	01-04-2024	31-03-2025
ഡോ.അഷ്ഹർ ഇ.പി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2024	31-03-2025
ശ്രീമതി. ബീന്ദു.കെ.കെ.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	31-03-2025
ശ്രീ.മുഹമ്മദ് നയീം.ബി.വി	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.മഹേഷ്.പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	18-08-2024

ശ്രീമതി.ജസീല ബക്കർ.എം	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	19-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല.	1-1-4
6	തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഹാജരാക്കിയില്ല	1-1-5
7	ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല.	1-1-6
8	പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.	1-1-7
9	രേഖകൾ ഹാജരാക്കിയില്ല	1-1-8
10	എ.സി.ആർ, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല	1-1-9
11	ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-10
12	രജിസ്റ്ററിലെ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പു പദ്ധതി	1-6
18	ക്ഷേമ പദ്ധതികൾ	1-7
19	ക്യാഷ് വെരിഫിക്കേഷൻ	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-11
23	ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ പരിശോധനക്കായി ഹാജരാക്കിയില്ല.	1-12
24	വാടക-അപാകതകൾ	1-13
25	പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനം-അപാകതകൾ	1-14
26	കാർഷിക മേഖലക്ക് ഡ്രോൺ -അവശ്യം വേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.	1-15

27	ലൈഫ് മിഷൻ പദ്ധതി വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല	1-16
28	പി.എം.എ.വൈ ഭവന പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-17
29	വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.	1-18
30	മണ്ണ് നീക്കം ചെയ്യൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-19
31	മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ	1-20
32	മരാമത്ത് പ്രവൃത്തികൾ - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.	1-21
33	സി,എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ മരുന്ന് ലഭ്യമാക്കിയില്ല	1-22
34	പാലിയേറ്റീവ് പദ്ധതി -മരുന്ന് ലഭ്യമാക്കിയില്ല	1-23
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ	4-10
11	ഓഡിറ്റ് പ്രത്യവലോകനം.	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന മുൻ റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. തിരുർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 18.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 11/02/2026.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ആസ്തികളുടെ മൂല്യം കണക്കാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (17528799) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (17377688) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-4 രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ വിവിധ ശീർഷകങ്ങളിലായി സ്വീകരിച്ച ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് 5,35,220/- രൂപയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല
2.അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18ഷെഡ്യൂളിലുള്ള 21,17,068/-അഡ്വാൻസ് നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-1-5 തേയ്മാനം കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയില്ല

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-17(A) പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-1-6 ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല.

31.03.2024 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരമുള്ള "Capital Contribution" (ശീർഷകം 312100101) എന്ന ശീർഷകത്തിലെ അതേ തുക തന്നെയാണ് 31.03.2025 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. [അതേ സമയം, സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) നിർവ്വഹണ ഉദ്യോഗസ്ഥനായി "ബ്ലോക്ക് കോൺഫറൻസ് ഹാൾ നവീകരണം (പ്രോജക്ട് നം.138) എന്ന പദ്ധതി പ്രവർത്തനം നടപ്പിലാക്കിയിട്ടുള്ളതും ആണ്.]

സൃഷ്ടിക്കപ്പെട്ട ആസ്തികൾക്ക് തത്തുല്യമായ മൂല്യം വാർഷിക കണക്കിൽ ചേർക്കാത്തത് 26.07.2011 ലെ ജി.ഒ (എം.എസ്) നം.152/2011 തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-1-7 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം താഴെ പരാമർശിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B4-ൽ ചേർത്ത് കാണുന്നില്ല.

ക്രമ നം.	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക (രൂപയിൽ)
1	450610101	Bank Of India PMAY-SC Share-7859	63
2	450610103	Bank Of India PMAY-GL Share-7860	463842

1-1-8 രേഖകൾ ഹാജരാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന Prior Period Income-Other Incomes എന്ന ലെഡ്ജറുകളിൽ രേഖപ്പെടുത്തിയ തുകകൾക്ക് (-144878/-) അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-9 എ.സി.ആർ, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് /ബാലൻസ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

	ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ വാർഷിക കണക്ക്	എ.സി.ആർ
1	വികസന ഫണ്ട് - ജനറൽ	38,592,511	39165708
2	വികസന ഫണ്ട് - എസ്.സി.പി	11934000	12094000
3	സി.എഫ്.സി ടൈഡ്	5006635	5454890

1-1-10 ഷെഡ്യൂൾ **B-17, B-4** എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11.AFS B-4 (Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 (Cash And Bank Balance) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ക്രമ നം	ഇനം	**B-4** പ്രകാരം	**B-17** പ്രകാരം
1	TSC	1263752/-	1589081
2	CFC(Tied+untied)	20998193+12032277=33030470	33008180

1-1-11 രജിസ്റ്ററിലെ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം തൻവർഷത്തെ വാടകയിൽ പിരിച്ചെടുക്കാനവശേഷിക്കുന്നത് 26680 രൂപയാണ് .എന്നാൽ വാർഷിക കണക്കിലെ B-15 ഷെഡ്യൂൾ പ്രകാരം തൻവർഷ കുടിശ്ശിക 24730 രൂപയുമാണ്.

1-2 ബജറ്റ്.

2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./ തിയ്യതി	പുതുക്കിയ തീരുമാന നം./ തിയ്യതി
1(1)/17.02.2024	7(1)/27.02.2025

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	24326305
വരവ്	115837120

ആകെ	140163425
ചെലവ്	98459432
നീക്കിയിരിപ്പ്	41703993

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	0	41626000	41626000	39165708	2460292
വികസന ഫണ്ട് (SCP)	0	12094000	12094000	12094000	0
CFC (Untied)	0	7303455	7303455	4240624	3062831
CFC (Tied)	0	15804063	15804063	5454890	10349173
റോഡിതരം (MG)	0	22357000	22357000	15740179	6616821

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2024-25	161	207316487	118	85638167	0	43	73.29

1-6 തൊഴിലുറപ്പു പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2026 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15566/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.
3.നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4) മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാഫിന്റെ വിവരം കൂടി ചേർത്ത് കാലികമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	13.7.2023	2022-23	27.7.23
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	7.6.2011-11.6.2013	2009-2010 മുതൽ 2013-2014 വരെ	16.04.2015

1-11 ഹെൽത്ത് ഗ്രാന്റ് അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി നം. 02/05-01-2026 ന് മറുപടിയായി സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് ലഭിച്ചു തുടങ്ങിയത് 2021-22 വർഷം മുതലാണ്.ബ്ലോക്ക് പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

സ്കീം-1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം
സ്കീം-2	ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും വിനിയോഗിച്ചതുമായ ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	സ്കീം -2 Grants For Specific Purposes - Health Grant Towards Buildingless Subcentres, Towards Support For Diagnostic InfraStructure To CHCs	ആകെ

2021-22	NIL	NIL	0
2022-23	NIL	2757000	2757000
2023-24	NIL	4217000	4217000
2024-25	NIL	NIL	0
ആകെ	NIL	6974000	6974000

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം -2	സ്കീം - 3	സ്കീം - 4	ആകെ
2021-22	NIL	0	0	0	0
2022-23	NIL	0	0	0	0
2023-24	NIL	0	0	0	0
2024-25	NIL	848890	0	0	848890
ആകെ		848890	0	0	848890

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ.

വർഷം	സ്കീം -1	സ്കീം -2	ആകെ
2024-25 (പലിശ ഉൾപ്പടെ)	0	6236877	6236877

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരു വിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2024-25	പൊതുജനാരോഗ്യ യൂണിറ്റിൽ പുതുതായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള കെട്ടിട നവീകരണം, ഫർണ്ണിച്ചർ വാങ്ങൽ, ലാബ് നവീകരണം(171/2025)	671752
2024-25	ലാബ് നവീകരണം(172/2025)	177138
	ആകെ	848890

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

ഇല്ല.

ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 62,36,877 രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വെട്ടം സി.എച്ച്.സി.യുടെ 2014-15 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് ശേഷമുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല .ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 17/2024-25/13.01.2026 ന് മറുപടി നൽകിയിട്ടില്ല. തിരൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായിട്ടുള്ള ആശുപത്രി/ഡിസ്പൻസറി ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങളും എച്ച്.എം.സികളുടെ ഓഡിറ്റ് ചെയ്യുന്നതിനാവശ്യമായ വരവ് ചെലവ് കണക്കുകളും അനുബന്ധ രേഖകളും അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 വാടക-അപാകതകൾ

തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക പിരിവ് സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചില സ്ഥാപനങ്ങൾ വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു.

തൻവർഷം **(2024-25) ₹84880** വാടകയിനത്തിൽ ലഭിക്കാനുണ്ട്. വാടക കുടിശ്ശികയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	സ്ഥാപനം	വാടകക്കാർ	ഡിമാന്റ്		കളക്ഷൻ	2024-25ൽ അടവാക്കാൻ ശേഷിയ്ക്കുന്നത്
			അരിയർ	തൻവർഷം		
1	സമൃദ്ധി സ്വയം സഹായ സംഘം (ഗ്രോസ്സറി ഷോപ്പ്)	ഇസ്മായിൽ	18750	0	0	18750/-
2	റേഷൻ ഷോപ്പ്	ഷാനവാസ്	21450	24600	0	46050/-
3	റഹ്മത്ത് ടൈലറിംഗ് ഷോപ്പ്		18000	0	0	18000/-
4	ഐശ്വര്യ സ്വയം സഹായ സംഘം		0	23400	21350	2050
5	ഉണർവ്വ് സ്വയം സഹായ സംഘം		1800	7560	9330	30
	ആകെ					84880/-

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 84880 രൂപ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണെന്നു അറിയിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-**11/24-25/12.01.2026** ന് മേൽ സ്ഥാപനങ്ങളിൽ ക്രമ നമ്പർ 3 ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നെല്ലാം വാടക ഈടാക്കിയതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ

സ്ഥാപനങ്ങളിൽ നിന്നും വാടകയീടാക്കിയതിന്റെ വിശദാംശങ്ങൾ രശീതികളുടെ പകർപ്പു സഹിതം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതും ക്രമ നമ്പർ 3 സ്ഥാപനത്തിൽ നിന്നും വാടകയീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനം-അപാകതകൾ

പ്രൊജക്ട് നമ്പർ, പേര്	21/25, പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനം.
അടങ്കൽ	₹ 5,00,000/- (വികസന ഫണ്ട് – എസ്.സി.പി)
ചെലവ്	₹.2,08,700/- 1). വൗച്ചർ നമ്പർ. 22400803/30.10.24-30750 2). വൗച്ചർ നമ്പർ. 22400809/30.10.24-8700 3). ബിൽ നമ്പർ. 251/13.12.24-69,250/- 4). ബിൽ നമ്പർ. 339/22.1.25-1,00,000/-

പട്ടികജാതി വിഭാഗത്തിൽ പെട്ട സാങ്കേതിക യോഗ്യതയുള്ളവർക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനവും തൊഴിലും നൽകുന്നതിനായിട്ടാണ് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കു വേണ്ടി 05.08.2024 തീയതിയിൽ താൽപര്യ പത്രം ക്ഷണിക്കുകയും ഇറം സ്കിൽസ് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മാത്രം താൽപര്യ പത്രം സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ താൽപ്പര്യ പത്രം 03.10.2024 ലെ 02 (02) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. Eram Skills Academy Pvt Ltd. മായി ചേർന്ന് പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സർട്ടിഫൈഡ് നഴ്സിംഗ് അസിസ്റ്റന്റ്, ഓട്ടോമൊബൈൽ ടെക്നീഷ്യൻ എന്നീ കോഴ്സുകൾ നടത്തി തൊഴിൽ ഉറപ്പു വരുത്തുന്നതിനാണ് ഇറം സ്കിൽസ് ആന്റ് പ്രൈവറ്റ് ലിമിറ്റഡിന് തുക കൈമാറിയിട്ടുള്ളത്. സർട്ടിഫൈഡ് നേഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിന്റെ ഫീസ് 41,000/- രൂപയും (കോഴ്സ് ഫീ-35000 + ഹോസ്റ്റൽഫീസ്-6000) ഓട്ടോമൊബൈൽ ടെക്നീഷ്യൻ കോഴ്സിന്റെ ഫീസ് 43,650/- രൂപയും (കോഴ്സ് ഫീ-25650 + ഹോസ്റ്റൽഫീസ്-18000) രൂപയുമാണ്. സി.എൻ.എ കോഴ്സിൽ 9 പേരും ഓട്ടോമൊബൈൽ ടെക്നീഷ്യൻ കോഴ്സിൽ 2 പേരുമാണ് അഡ്മിഷൻ നേടിയിട്ടുള്ളത്. ഇത് പ്രകാരം 11 കുട്ടികൾക്ക് 4,56,300/- രൂപയാണ് ആകെ നൽകേണ്ടിയിരുന്നത്. ഇതിൽ 2,08,700/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വയർമെന്റ് മാർഗ്ഗരേഖ ജി.ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം 1,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളും സേവനങ്ങളും ഓപ്പൺ ടെണ്ടർ മുഖേനയാണ് സമാഹരിക്കേണ്ടത്. എന്നാൽ മേൽ പദ്ധതി നിർവ്വഹണം നടത്തിയത് ഓപ്പൺ ടെണ്ടർ വഴിയാണോ എന്ന് പരിശോധിക്കാവുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (05.08.2024 തിയ്യതിയിലെ താൽപ്പര്യ പത്രം ക്ഷണിച്ച് കൊണ്ടുള്ള അറിയിപ്പ്, 14.08.2024 ലെ ദേശാഭിമാനി പത്രപരസ്യം എന്നിവ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.)

2). താൽപര്യ പത്രം ക്ഷണിച്ച് കൊണ്ടുള്ള നോട്ടീസ് പ്രകാരം താൽപര്യ പത്രം സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 19.08.2024 ന് വൈകിട്ട് 5.00 മണിയാണ്. എന്നാൽ പത്രപരസ്യത്തിൽ (14.08.2024 ലെ ദേശാഭിമാനി പത്രത്തിൽ) ആയത് 30.08.2024 ന് വൈകിട്ട് 5 മണി എന്നാണുള്ളത്.

3). പട്ടികജാതി വിഭാഗത്തിൽ പെട്ട സാങ്കേതിക യോഗ്യതയുള്ളവർക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനവും തൊഴിലും നൽകുന്നതിനായിട്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. (പ്ലസ്-2 സർട്ടിഫിക്കറ്റ് ആണ് ഫയലിൽ ഉള്ളത്.)

4). സ്ഥാപനത്തിന്റെ അംഗീകാരം, കോഴ്സിന്റെ അംഗീകാരം എന്നിവ തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5). കോഴ്സ് പൂർത്തീകരണത്തിന് ശേഷം വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

6). പട്ടികജാതി വികസന ഓഫീസറും ERAM Technologies Pvt Ltd ഉം ചേർന്ന് ഒപ്പുവെച്ച 10.10.2024 -ലെ MOU പ്രകാരം 4 ഗഡുക്കളായാണ് സ്ഥാപനത്തിന് തുക നൽകേണ്ടത്. MOU ഒപ്പിടുന്ന മുറയ്ക്ക് 25%, കോഴ്സ് ആരംഭിക്കുമ്പോൾ 25%, കോഴ്സ് പകുതി പൂർത്തീകരിക്കുമ്പോൾ 25%, പ്ലേസ്മെന്റിന് ഓഫർ ലെറ്റർ ലഭിക്കുമ്പോൾ ബാക്കി തുകയും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ തുക നൽകിയപ്പോൾ ഈ ക്രമം പാലിച്ചിട്ടില്ല. MOU ലെ വ്യവസ്ഥ (ക്രമനം.14) പ്രകാരം കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നുണ്ട്. ബാക്കി തുക നൽകുന്നതിന് മുമ്പ് തൊഴിൽ ലഭിച്ചതായി ഉറപ്പ് വരുത്തേണ്ടതാണ്.

7). ഇത്തരത്തിലുള്ള പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനും ഇതുവഴി ഗുണഭോക്താക്കളുടെ ഭാവി ജീവിതത്തിന് ഉപയോഗപ്രദമാകുന്നവിധം ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മുതലുള്ള വിവിധ ഘട്ടങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർ മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ പരിശീലനാർത്ഥികളുടെ തിരഞ്ഞെടുപ്പ് മുതൽക്കുള്ള പുരോഗതി വിവരങ്ങൾ മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് (നമ്പർ.18/24-25/14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്. ആയതു ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

1-15 കാർഷിക മേഖലക്ക് ഡ്രോൺ -അവശ്യം വേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് നമ്പർ/പേര്	98/കാർഷിക മേഖലക്ക് ഡ്രോൺ So
അടങ്കൽ	8,59,780 (വികസന ഫണ്ട്)
ചെലവ്	ആകെ 8,59,780 22400762/23.8.24 10,780രൂപ 22400782/22.8.24 8,49,000 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസി. ഡയറക്ടർ

കാർഷിക മേഖലക്ക് ഡ്രോൺ എന്ന പദ്ധതിക്കായി റെയ്ഡ്ക്കോ കേരള ലിമിറ്റഡ് കണ്ണൂരിൽ നിന്നും 8,49,000 രൂപ ചെലവഴിച്ച് താഴെ പറയും പ്രകാരം ഡ്രോൺ വാങ്ങിയിട്ടുണ്ട്. 10,780 രൂപ 12.8.24ന് നടന്ന ഉദ്ഘാടന ചടങ്ങിനാണ് ചെലവഴിച്ചത്.

വാങ്ങിയത്	വില	CGST	SGST	ആകെ വില	ഇൻവോയ്സ് നമ്പർ / തിയതി
GARUDA AGRICULTURE DRONE (10 LIT DRONE TRANSMITTER AND CAMERA, NOZZLE PUMP SYSTEM, BATTERIES (PAIR)	758035.69	45482.14	45482.14	849000	TIR532/23-24 14.3.24

DUAL CHARGER,TOOL KIT					

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നുണ്ട്.

1. കാർഷിക മേഖലക്ക് ഡ്രോൺ ഒരു നൂതന പ്രൊജക്ട് ആയി അംഗീകാരം നേടിയതിന്റെ വിവരം പ്രൊജക്ടിൽ പരാമർശിച്ചിട്ടില്ല.എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ 25.7.23ന് മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസിൽവെച്ച് നൂതന പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള നിർവഹണ ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ വച്ച് അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. 12.8.24ലെ ഉദ്ഘാടന ചടങ്ങിന് വികസന ഫണ്ടിൽ നിന്നും 10,780 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല.

3. 9.1.23 ലെ കൃഷി വർക്കിംഗ് ഗ്രൂപ്പിൽ ഡ്രോൺ സംബന്ധിച്ച നിർദേശം ഉയർന്നു വന്നതായി നിർവഹണ ഉദ്യാഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച മിനുട്സ് പരിശോധനക്ക് ഹാജരാക്കിയില്ല.

3. 02.02.2023 ലെ SPD-A3/55/2022-SPD സർക്കുലർ പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്ക് വിധേയമായിട്ട് മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത്. എന്നാൽ റെയ്ഡ്കോയിൽ നിന്നും നേരിട്ട് ഡ്രോൺ വാങ്ങുകയാണ് ചെയ്തത്. സ്ഥാപനത്തിന് ഇളവ് നൽകിയ ഉത്തരവുകളൊന്നും ഹാജരാക്കിയില്ല.

4. ഡ്രോൺ ഉപയോഗിക്കുന്നതിന് വാടക നിശ്ചയിച്ചതായ രേഖ ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച് തയ്യാറാക്കിയ ബൈലോ പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. 26.10.24 മുതൽ 16.12.25 വരെ 21 ദിവസം ഡ്രോൺ വിവിധ പാടശേഖരങ്ങളിൽ പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡ്രോൺ ഉപയോഗിച്ച് എന്തു പ്രവൃത്തിയാണ് ചെയ്തതെന്ന് നിർവഹണ ഉദ്യാഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡ്രോൺ ആവശ്യപ്പെട്ട് പാടശേഖര സമിതികൾ സമർപ്പിച്ച അപേക്ഷകൾ ഫയലിൽ ഇല്ല.

6. ഡ്രോൺ പ്രവർത്തിപ്പിക്കുന്നതിന് മുൻ വർഷം 2 പേർക്ക് 1,40,220 രൂപ ചെലവഴിച്ച് പരിശീലനം നൽകിയെന്നും വലിയ തുക മുടക്കി കോഴ്സിന് പഠിച്ചവരുമായി കരാർ ചമച്ചിട്ടില്ലെന്നും 1.4.23മുതൽ 31.3.24വരെ കാലയളവിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശീലനം സംബന്ധിച്ച രേഖകളോ ടെക്നിഷൻമാരുമായി കരാർ വച്ചതിന്റെ വിവരങ്ങളോ പരിശോധനക്ക് ഹാജരാക്കിയില്ല.ആയതിനാൽ ആരാണ് ഡ്രോൺ പ്രവർത്തിപ്പിക്കുന്നതെന്ന് വ്യക്തമല്ല.ഹാജർ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

7. ഡ്രോണിന്റെ വരവ്-ചെലവ് രജിസ്റ്റർ കടലാസ് പെൻസിൽ ഉപയോഗിച്ച രേഖപ്പെടുത്തലുകൾ വരുത്തിയതും വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താത്തതുമാണ്.വരവ് ചെലവുകൾക്കായി ബി.പി അങ്ങാടി എസ് ബി ഐ ശാഖയിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്.(അക്കൗണ്ട് നമ്പർ 43524158780) 31.3.25 ന് പാസ്ബുക്ക് പ്രകാരം 1,00,956 രൂപ ബാലൻസ് ഉണ്ട്.

8. ഡ്രോൺ പ്രവർത്തിപ്പിച്ചതു സംബന്ധിച്ചും ഡ്രോണിന്റെ കേടുപാടുകൾ തീർത്തത് സംബന്ധിച്ചും ടെക്നിഷൻ സമർപ്പിച്ച രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

9. 3.12.25 നും **16.12.25** നും ഡ്രോണിന് തകരാറ് സംഭവിച്ചതിനാൽ വളാഞ്ചേരിയിലെ ഡ്രോൺ ഷോറൂമിലേക്ക് കൊണ്ടുപോകാൻ **3500** ചെലവ് ചെയ്തിട്ടുണ്ട്.**(**ചെക്ക് നമ്പർ **010539/31.3.25).** തുക ആഷിഫ് എന്ന വ്യക്തി കൈപ്പറ്റിയിട്ടുണ്ട്.ഷോറൂമിന്റെ പേരോ തകരാർ സംബന്ധിച്ച വിവരങ്ങളോ ഡ്രോൺ പ്രവർത്തനക്ഷമമാക്കിയതിന്റെ ബില്ലോ പരിശോധനക്ക് ലഭിച്ചിട്ടില്ല. ഓഡിറ്റ് തിയതിയിലും ഡ്രോണിന് തകരാർ സംഭവിച്ചത് റിപ്പയറിനായി കൊണ്ടുപോയതായി വാക്കാൽ അറിയിച്ചിട്ടുണ്ട്**.** ആയത് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്**.**

10. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 7/8.1.26 പ്രകാരം

ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കി. നൂതന പ്രൊജക്ടായി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും പരിശീലനത്തിന്റെ ഫലപ്രാപ്തി കണക്കുകളിലെ സുതാര്യത, നിർവ്വഹണത്തിലെ അപാകത, ലക്ഷ്യപ്രാപ്തി സംബന്ധിച്ച് വ്യക്തതയില്ലായ്മ എന്നിവ കണക്കിലെടുത്ത് 859750 രൂപ തടസ്സം ചെയ്യുന്നു. നൂതന പ്രൊജക്ടായി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും, പരിശീലനത്തിന്റെ ഫലപ്രാപ്തി, വരവ് ചെലവ് കണക്കുകളിലെ സുതാര്യത,ഉപയോഗത്തിലുള്ള അപാകതകൾ, ലക്ഷ്യപ്രാപ്തി എന്നിവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ ചെലവ് തുക 8,59,780 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഡ്രോണിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും മെയിന്റനൻസ് കാര്യക്ഷമമായി നടത്തേണ്ടതും പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ് മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുകയും തുടർനടപടി വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

1-16 ലൈഫ് മിഷൻ പദ്ധതി വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കായി താഴെപറയും പ്രകാരം 5 ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട് .

പ്രോജക്ട്	അടങ്കൽ	ചെലവ്
ലൈഫ് മിഷൻ പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എസ്.സി.പി (12/25)	3592150 (വികസനഫണ്ട് എസ്.സിപി)	32,30,000
	ആകെ	32,30,000

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തലക്കാട് ഗ്രാമപഞ്ചായത്തിന് നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു.

നൽകിയ തുക	ബിൽ നമ്പർ	ചെലവഴിച്ചത്	ബാക്കി
160000	71/12.7.24	160000	0
40000	271/20.12.24	40000	0
160000	511/12.03.25	0	160000
		ആകെ	160000

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/6.1.2026 നുള്ള മറുപടിയിൽ വിനിയോഗവിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 പി.എം.എ.വൈ ഭവന പദ്ധതി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ ലൈഫ് മിഷൻ എന്ന പദ്ധതികൾക്കായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട്	അടങ്കൽ	ചെലവ്
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി പട്ടിക ജാതി((11/25)	5440000 1120000വികസനഫണ്ട് എസ്.സിപി+ 1800000 കേന്ദ്രാവിഷ്കൃത ഫണ്ട്+ 1050000 ഗ്രാമപഞ്ചായത്ത് വിഹിതം + 1470000 ജില്ലാ പഞ്ചായത്ത് വിഹിതം.	2696058 (വികസനഫണ്ട് എസ്.സിപി-750058 +770000- ഗ്രാമപഞ്ചായത്ത് വിഹിതം+1176000- ജില്ലാ പഞ്ചായത്ത് വിഹിതം.)
പി.എം.എ.വൈ	48588119	8678119

ലൈഫ് മിഷൻ പദ്ധതി ജനറൽ(4/25)	5388119 വികസനഫണ്ട് ജനറൽ + 18000000 കേന്ദ്രാവിഷ്കൃത ഫണ്ട് + 10500000 ഗ്രാമ പഞ്ചായത്ത് വിഹിതം + 14700000 ജില്ലാ പഞ്ചായത്ത് വിഹിതം.	5388119 വികസനഫണ്ട് ജനറൽ +3220000 ഗ്രാമ പഞ്ചായത്ത് വിഹിതം+70000 ജില്ലാ പഞ്ചായത്ത് വിഹിതം.
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി ജനറൽ (104/25)	4805000 2930000 കേന്ദ്രാവിഷ്കൃത ഫണ്ട് + 1287000 ഗ്രാമ പഞ്ചായത്ത് വിഹിതം + 588000 ജില്ലാ പഞ്ചായത്ത് വിഹിതം.	840000 ഗ്രാമ പഞ്ചായത്ത് വിഹിതം
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി പട്ടിക ജാതി((146/25)	3866301 2922000 കേന്ദ്രാവിഷ്കൃത ഫണ്ട് + 931222 ഗ്രാമ പഞ്ചായത്ത് വിഹിതം + 13079 ജില്ലാ പഞ്ചായത്ത് വിഹിതം.	13079 ജില്ലാ പഞ്ചായത്ത് വിഹിതം.
	ആകെ.	12227256

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കരാർ വെച്ച് ആദ്യ ഗഡു കൈപറ്റിയ നിരവധി ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ലഭിച്ച അപേക്ഷകൾ	കരാർ വെച്ച് ആദ്യ ഗഡു കൈപറ്റിയവർ	പൂർത്തീകരിച്ചവർ	ബാക്കി
383 (364 G +19 Sc)	278 (15 SC +263 G)	4 G +0 SC	274
		ആകെ	274

274 ഗുണഭോക്താക്കൾ വീടുനിർമ്മാണം പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്

2.കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാക്കിയില്ല.

വിവിധ പദ്ധതികളിലായി താഴെ പറയും പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. വിശദ വിവരം ചുവടെ.

പദ്ധതി	വകയിരുത്തിയത്	ചെലവഴിച്ചത്
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി ജനറൽ(4/25)	18000000	0
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി എസ്.സിപി((11/25)	1800000	0
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി ജനറൽ (104/25)	2930000	0
പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതി എസ്.സിപി((146/25)	2922000	0
ആകെ	25652000	0

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/14.1.2026 ന് മറുപടി നൽകിയിട്ടില്ല. വീടുനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും കേന്ദ്രാവിഷ്കൃത ഫണ്ട് ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.84/2022/തസ്വഭവ തി. 19.4.22ഖ.3.1.2(ബി) പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.2024-25 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

വാർഷിക പദ്ധതി ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ്

കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതുണ്ട്.പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരുടെ ഫയലുകളിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നമ്പർ 5/8.1.26 പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു.ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല.മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-19 മണ്ണ് നീക്കം ചെയ്യൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ ്.

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ തലക്കാട് ഗ്രാമ പഞ്ചായത്തിലെ 23/2025 കുറ്റൂർ കായൽ ശുദ്ധ ജല യോഗ്യമാക്കൽ എന്ന പ്രവൃത്തിയുടെ സൈറ്റിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ 5) കുഴിച്ചെടുത്ത 346.722 എം3 മണ്ണ് അടുത്ത പറമ്പിൽ ശേഖരിച്ചിരുന്നു. ആയതിന് സർവ്വെ റിപ്പോർട്ട് പ്രകാരം 70/എം3 നിരക്കിൽ വില കണക്കാക്കി മൊത്തം 24271/- രൂപയായി (346.722*70) അസി. എഞ്ചിനീയർ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മണ്ണ് ലേലം ചെയ്യുന്നതിനുള്ള തുടർ നടപടി സ്വീകരിക്കണമെന്ന് 20.3.2025 ലെ D1/AE/LID@EW/TIR/134/2025 നമ്പർ കത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ മണ്ണ് ലേലം ചെയ്ത് ലേല തുക തലക്കാട് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത വിവരമോ തുടർ നടപടി വിവരമോ ലഭ്യമല്ല. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/ പേര്	23/2025 – കുറ്റൂർ കായൽ ശുദ്ധജലയോഗ്യമാക്കൽ തലക്കാട് ഗ്രാമ പഞ്ചായത്ത്.
അടങ്കൽ/ ഫണ്ടിനം	2000000/ സി.എഫ്.സി
ടി.എസ്.നം.	46706/23.8.24 DSR-2018, Cost Index-36.44%
കരാർ	06/AE/TIR/PDP/2024-25/21.12.2024
പൂർത്തീകരണ കാലയളവ്	6- മാസം
ചെലവ് തുക	20,00,000 രൂപ
വൗച്ചർ നമ്പർ	XVFC/2024-25/P/88 26.3.25 - 18,00,000 രൂപ XVFC/2024-25/P/89 273.25 - 2,00,000 രൂപ
കരാറുകാരൻ	ശ്രീ. പുരുഷോത്തമൻ പി

ഇതു സംബന്ധിച്ച് നമ്പർ 12/13.1.26 പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു. ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ മേൽ വിഷയം സംബന്ധിച്ച് തലക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകി വിവരം ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-20 മരാമത്ത് പ്രവൃത്തികൾ - ഒരു വിലയിരുത്തൽ

പതിനേഴ് ഡിവിഷനുകൾ ഉള്ള തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ 2024 -25 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ, അസിസ്റ്റന്റ് എഞ്ചീനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരാണ്. എഞ്ചിനീയറിങ്ങ് വിംഗ് മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളുടെ സൂലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് വിശദാംശങ്ങൾ.

		അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ	അസിസ്റ്റന്റ് എഞ്ചീനീയർ
1	സ്പിൽ ഓവർ പ്രോജക്ടുകൾ	6	39
2	തൽവർഷ പ്രോജക്ടുകൾ	7	34
3	ആകെ (1+2)	13	73
4	ആകെ അടങ്കൽ	22328121	57239427
5	നിർവഹണം നടത്തിയത്	5	48
6	ചെലവ് തുക	4121433	31190989
7	ചെലവ് ശതമാനം	18.45	54.4
8	നിർവഹണം നടത്താതിരുന്നത്	8(4 സ്പിൽ ഓവർ)	25 (6സ്പിൽ ഓവർ)
9	വിനിയോഗിക്കാതിരുന്ന തുക (4-6)	18206688	26048438

1 . വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചീനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 18.45% മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 13 പ്രോജക്ടുകളിൽ 8 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു. അസിസ്റ്റന്റ് എഞ്ചീനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 54.4% മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 73 പ്രോജക്ടുകളിൽ 25 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്നും കാണുന്നു. പ്രസ്തുത സാഹചര്യം പരിശോധിക്കേണ്ടതാണ്.

2) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു.

നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയാക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നീരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ് സ്പിൽ ഓവർ വർക്കുകൾക്ക് കാരണമാവുന്നത്. അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവഹണം നടത്തിയ 6 പ്രൊജക്ടുകളിൽ 4 എണ്ണവും നിർവഹണം നടത്തിയിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ആകെയുള്ള 39 സ്പിൽ ഓവർ പ്രോജക്ടുകളിൽ 6 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല. ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണ്ണമായും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3) വകയിരുത്തിയ തുക ലാപ്സാവുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ വഴി നിർവഹണം നടത്തുന്നതിന് വകയിരുത്തിയ തുകയിൽ വലിയ തുക ചെലവഴിക്കാൻ കഴിയാത്തതായി ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു.
ഇതു സംബന്ധിച്ച് നമ്പർ 13/13.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.
1 വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലായതിനാലാണ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാതിരുന്നത്. പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.
2 ഫണ്ട് നഷ്ടപ്പെടാതെ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതും ഭാവിയിൽ മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികൾ - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ ്.

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷ ഓഡിറ്റിന്റെ ഭാഗമായി 12.1.26 ന് താഴെ പറയുന്ന സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തിയത് പരിശോധന നടത്തിയിരുന്നു.പരിശോധനാ വിവരം ചുവടെ ചേർക്കുന്നു

ക്രമനമ്പർ	പ്രൊജക്ട് നമ്പർ/ പേര്/ ഫണ്ട് പരിശോധനാസ്ഥലം.	ചെലവ് തുക	വൗച്ചർ നമ്പർ/ തിയതി	പരിശോധനാവിവരം
1	136/25 ഷീ ഷെൽട്ടർ SO വികസന ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ 11 ആലത്തിയൂർ	565750	24150563022701034603 /20.12.24 499908 രൂപ 24150563022701034606/20.12.24 65842 രൂപ	ഷീ ഷെൽറ്ററിന്റെ ഉദ്ഘാടനം 18.8.25ന് കഴിഞ്ഞുവെങ്കിലും നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. വെള്ളം,വൈദ്യുതി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.പരിശോധനയിൽ അടഞ്ഞുകിടക്കുന്നതായി കാണുവാൻ കഴിഞ്ഞു. ഷീ ഷെൽട്ടറിന് ചുറ്റുമതിൽ നിർമ്മിച്ചിച്ച് സുരക്ഷതത്വം വർധിപ്പിക്കേണ്ടതുണ്ട്.
2	108/25 വയോജന പാർക്ക് ചിൽഡ്രൻസ് പാർക്ക് വികസന ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ 13 പുറത്തൂർ	651034	24150563027001769 06/18.5.24 414581രൂപ 24150563022701052978/20.12.24 236453രൂപ	വയോജന പാർക്കിന് മുൻ ഭാഗത്ത് മതിൽ നിർമ്മിക്കാത്തതിനാൽ സുരക്ഷക്ക് ഭീഷണിയാണ്. വയോജന പാർക്കിലുള്ള ചെസ്റ്റ് പ്രസ്സ് ഉപയോഗയോഗ്യമല്ലാത്ത രീതിയിൽ ഉപേക്ഷിച്ചതായി കാണാൻ കഴിഞ്ഞു.ഉപകരണങ്ങൾ ശരിയായി ഫിറ്റ് ചെയ്തതായി കാണുന്നില്ല. മേൽനോട്ടത്തിന്റെ അഭാവത്തിൽ ഉപകരണങ്ങൾ നശിക്കുന്നതിന് സാധ്യതയുണ്ട്.ലൈറ്റ് ,സിസിടിവി സൗകര്യങ്ങൾ ഏർപ്പെടുത്തി സുരക്ഷിതത്വം വർധിപ്പിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നമ്പർ 14/13.1.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുടർ പരിപാലനം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെന്നും മേൽ രണ്ട് പ്രൊജക്ടുകളുടെയും ചുറ്റുമതിൽ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിവരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും തുടർ പരിപാലനത്തിന്റെ പുരോഗതി അറിയിക്കേണ്ടതുമാണ്.

1-22 സി,എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, സപ്ലേക്കോ തിരൂർ എന്നിവർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന്

ലഭ്യമായിട്ടില്ല വിശദ വിവരം ചുവടെ.

പദ്ധതി	അടങ്കൽ	ഇൻവോയ്സ്	നൽകിയ തുക	മരുന്ന് ലഭ്യമായത്	ബാക്കി	വൗച്ചർ/ ബിൽ നമ്പർ
വെട്ടം, പുറത്തൂർ സിഎച്ച്സികൾക്ക് മരുന്ന് വാങ്ങൽ 90/25	660095 (MGNR)	Nil Asst.Manager Supplyco Tirur (ഇൻവേയ്സ്,KMSCL നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല	660095	0	660095	241505630 21600180460/ 09.05.2024
വെട്ടം, പുറത്തൂർ സി.എച്ച്.സികൾക്ക് മരുന്ന് വാങ്ങൽ. 59/25	1825000 (MGNR)	PRF4210/ 11.03.25	200000	78283 (1929/12.9.25)	121717	24150563021601636/ 22.03.25
		PRF 4589/ 20.03.25	200000	149314 (1928/12.9.25 ,918/17.6.25)	50686	
		PRF 3661/15.2.25	300000	220855 (1576/30.7.25, 1159/3.7.25, 977/13.6.25, 2342/6.11.25)	79145	24150563021601447000/ 06.03.25
		PRF 3014/17.1.25	227276	0	227276	24150563021601195854/ 18.01.25
				ആകെ	11,38,919	

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/09.01.26 ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 പാലിയേറ്റീവ് പദ്ധതി -മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല വിശദ വിവരം ചുവടെ.

പദ്ധതി	അടങ്കൽ	ഇൻവോയ്സ്	നൽകിയ തുക	മരുന്ന് ലഭ്യമായത്	ബാക്കി	വൗച്ചർ/ബിൽ നമ്പർ
സെക്കണ്ടറി പാലിയേറ്റീവ് പ്രോജക്ട് (29/25)	2000000 (വികസന ഫണ്ട് ജനറൽ)	PRF3057/20.01.25	265781	0	265781	24150563021601218294/ 29.01.25
		PRF3182/24.01.25	183932	0	183932	24150563021601251491/ 24.01.25
				ആകെ	4,49,713	

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/08.01.26 ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

തിരുർ ബ്ലോക്ക്പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് **(**റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം (01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഏപ്രിൽ 2024 (26)	13000	13000	NIL	
മെയ് 2024 (26)	13000	13000	NIL	
ജൂൺ 2024 (25)	12500	12500	NIL	
ജൂലൈ 2024 (23)	11500	11500	NIL	
ഓഗസ്റ്റ് 2024 (24)	12000	12000	NIL	
സെപ്റ്റംബർ 2024 (24)	12000	12000	NIL	
ഒക്ടോബർ 2024 (24)	12000	12000	NIL	
നവംബർ 2024 (25)	12500	12500	NIL	
ഡിസംബർ2024 (25)	12500	12500	NIL	
ജനുവരി 2025 (25)	12500	12500	NIL	
ഫെബ്രുവരി2025 (24)	12000	12000	NIL	
മാർച്ച് 2025 (24)	12000	12000	NIL	

2) മെഡിസെപ് പ്രീമിയം ഒടുക്ക് **(01-04-2024** മുതൽ **30-06-2024**നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ഏപ്രിൽ 2024	11600	11600	NIL	

3) മെഡിസെപ് പ്രീമിയം ഒടുക്ക് **(01-07-2024** ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL				

4) മെഡിസെപ് പ്രീമിയം ഒടുക്ക് **(01-08-2024** മുതൽ **31-03-2025** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	05.01.2026 മുതൽ 14.01.2026 വരെ	ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1, അനുബന്ധം 1,2 ആയി ചേർത്തിട്ടുണ്ട്.

4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രൊജക്ട് നം, പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
ഗ്രാമ പഞ്ചായത്തുകൾ	104/25 – പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ-SO	840000	840000	0
	11/25 – പി.എം.എ.വൈ. ഭവന പദ്ധതി എസ്.സി	770000	770000	0
	4/25 – പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ	3220000	3220000	0
	ആകെ	4830000	4830000	**0**
ജില്ലാ പഞ്ചായത്ത്	11/25-പി.എം.എ.വൈ. ഭവന പദ്ധതി എസ്.സി.പി	1176000	1176000	0
	146/25-പി.എം.എ.വൈ. ഭവന പദ്ധതി എസ്.സി.പി	13079	13079	0
	4/25-പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ	70000	70000	0
	ആകെ	1259079	1259079	**0**

4-4 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തിയ്യതി
2022-23	6/27.11.24	1927	അസിസ്റ്റന്റ് എഞ്ചിനീയർ	3/17 /28.11.24
2022-23	10/27.11.24	2771	അസിസ്റ്റന്റ് എഞ്ചിനീയർ	3/18/29.11.24

2022-23	6/27.11.24	4448	അബ്ദുൽ ഗഫൂർ	3/25/23.01.25
2022-23	7/18.1.25	4438	ഇബ്രാഹിം കുട്ടി	3/26/23.01.25
ആകെ		13584		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകള ുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97, 1997-98	33	1999-00		യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ	നിയമസഭ സമിതിയുടെ പരിഗണനയിൽ
2005-06 Exp.	2-6	2008-09		ട്യൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം	പരാമർശം നിലനിൽക്കുന്നു.
2005-06 Exp.	2-7	2008-09		എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം	പരാമർശം നിലനിൽക്കുന്നു

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികള ുടെ വിവരങ്ങൾ

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം.

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	115837120
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	98459432
വരവിനങ്ങളിലെ നഷ്ടം (₹)	0

ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	10,68,450

ബി**).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**.**

ഇല്ല.

സി**).** ഓഡിറ്റിൽ തടസപ്പെടുത്തിയ തുക**.**

ഖണ്ഡിക നമ്പർ	തുക **(₹)**	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	208,700	ശ്രീമതി. ആര്യാദേവി.ആർ, പട്ടികജാതി വികസന ഓഫീസർ
1-15	8,59,750	ശ്രീമതി ബിന്നു കെ കെ, കൃഷി അസി. ഡയറക്ടർ
ആകെ	10,68,450	

ഡി**)** കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ**)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**.**

ഇല്ല.

എഫ്**)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന മുൻ റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97, 1997-98	എൽ.എഫ്.എം. 4/3373(1)/14 തിയ്യതി 29-07-2015	10
1999-00	കെ.എസ്.എ.എം.പി.എം.4/3373(2)/2016, 09.09.2016	1
2000-01	കെ.എസ്.എ.എം.പി.എം.4/1444/2016, 09.09.2016	1
2001-02	കെ.എസ്.എ.എം.പി.എം.4/3373(4)/2016, 09.09.2016	2
2003-04 (ചെലവ്)	എൽ.എഫ്.എം. 4/3373(6)/14 തിയ്യതി 20-07-2015	7
2004-05	എൽ.എഫ്.എം. 4/3373(7)/14 തിയ്യതി	15

(ചെലവ്)	20-07-2015	
2005-06	കെ.എസ്.എ.എം.പി.എം.4/3373(8)/16 തിയ്യതി 09-09-2016	6
2006-07	കെ.എസ്.എ.എം.പി.എം.4/3373(9)/16 തിയ്യതി 09-09-2016	2
2007-08	കെ.എസ്.എ.എം.പി.എം.4/2272/19 തിയ്യതി 02-11-2019	13
2008-09	എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015	5
2009-10	എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015	6
2010-11	എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015	9
2011-12, 2012-13	എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015	10
2013-14	കെ.എസ്.എ.എം.പി.എം.4/1787/16 തിയ്യതി 05-03-2017	9
2014-15	കെ.എസ്.എ.എം.പി.എം.4/1445/16 തിയ്യതി:17-03-2017	10
2015-16	നം.കെ.എസ്.എ.എം.പി.എം.4/687/17 തിയ്യതി 24.03.17	25
2016-17	കെ.എസ്.എ.എം.പി.എം.4/1338/2018 തിയ്യതി 28.05.2019	12
2017-18	കെ.എസ്.എ.എം.പി.എം(4)/556/19 10.04.2019	21
2018-19	കെ.എസ്.എ.എം.പി.എം(4)/1274/20 5.11.2020	14
2019-20	കെ.എസ്.എ.എം.പി.എം4/1327/22 തിയ്യതി 22.09.22	8
2020-21	കെ.എസ്.എ.എം.പി.എം4/2923/23 തിയ്യതി 24.02.24	16
2021-22	കെ.എസ്.എ.എം.പി.എം4/2892/23 തിയ്യതി 24.02.2023	15

2022-23	കെ.എസ്.എ.എം.പി.എം4/2732/23 തിയ്യതി 18.12.2023	23
2023-24	കെ.എസ്.എ.എം.പി.എം4/2507/2024 തിയ്യതി 02.04.2025	26

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 18-06-2025 and submitted on 01-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Tirur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tirur Block Panchayat as on 31-03-2025

Date: 11/02/2026 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Tirur Block Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

.Ratios

.Comparative amounts

2) The Asset Register is not updated.

3) Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4) Advance register and Deposite register are not updated thus cannot be verified with AFS

5) Worksheet for the calculation of Depreciation for fixed assets was not produced for auditing.

6) the equivalent amount for the creation of assets is not being transferred to the Capital contribution head

7) Non disclosure of liability with respect to the bank balance opened for specific purpose is shown below.

Sl.No.	Head	Bank Account	Amount (Rs.)
1	450610101	Bank of india PMAY-SC share-7859	63
2	450610103	Bank of india PMAY-GL share-7860	463842

8) The necessary documents to verify the amount in Prior period income Schedule are not kept.

9) Expenditure as per ACR does not match with that of AFS.

10) For The following item , amount shown as liability in balance sheet B4 shedule doesnot match with the bank account opened for the specific grant amount

Sl.No.	**Item**	**As per B-4**	**As per B-17**
1	TSC	1263752/-	1589081
2	CFC(Tied+untied)	20998193+12032277=33030470	33008180

11) the details in register does not match the annual financial statements

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്